# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79 — 30.06.2016 -ൽ മറുപടിയ്ക്ക്

## ഭൂജല പരിപോഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. പി.ടി.തോമസ് | ശ്രീ.മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) ഭൂജല പരിപോഷണം ജനകീയമാക്കാൻ മുൻ ഗവൺമെന്റ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നതെന്ന് വിശദമാക്കുമോ; | എ) ഭൂജല വകുപ്പിന്റെ കീഴിൽ ഭൂജല സംരക്ഷണത്തിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കി വരുന്നു. പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. ഭൂജല പരിപോഷണം ജനകീയമാക്കുന്നതിനുള്ള പദ്ധതി ജലനിധി മുഖേന നടപ്പിലാക്കി വരുന്നു. |
| ബി) ഈ പദ്ധതിക്ക് എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നതെന്ന് വിശദമാക്കുമോ; | ബി) സംസ്ഥാനത്ത് ഭൂജലശോഷണം തടയുക, കൃത്രിമ ഭൂജല സംപോഷണ പദ്ധതി വഴി ഭൂജല നിരപ്പ് ഉയർത്തുക, ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ |
| സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ; | സി) ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൽപ്പെടുത്തി തടയണകൾ, അടിയണകൾ, റീച്ചാർജ് പിറ്റുകൾ, തുറന്ന കിണറുകൾ വഴിയുള്ള കിണർ റീച്ചാർജിംഗ് എന്നിവ നടപ്പാക്കി വരുന്നു. ജലനിധിയുടെ രണ്ടാം ഘട്ട പദ്ധതിയ്ക്ക് കീഴിൽ ജലപരിപോഷണത്തിനുള്ള മുഴുവൻ തുകയും സർക്കാർ സബ്സിഡിയായി നൽകുന്നു. |
| ഡി) പദ്ധതി നിർവഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിശമാക്കുമോ? | ഡി) ഭൂജല നിരപ്പ് ഉയർന്നു വരുവാൻ സഹായകമായ തരത്തിൽ മഴവെള്ളം ഭൂമിയിലേക്ക് താഴ്ന്നിറങ്ങുവാൻ ലക്ഷ്യമിട്ട് സ്വീകരിച്ച ഭൂജല സംപോഷണ മാർഗ്ഗങ്ങൾ ഫലപ്രദമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ